# പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 408 — 13/01/2021 - ലെ മറുപടിക്ക്

### സംസ്ഥാനത്തിന്റെ ആകെ പൊതുകടവും മൊത്തം കടവും

ചോദ്യം

ശ്രീ.വി.ഡി. സതീശൻ

ഉത്തരം

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | 2016 മാർച്ച് 31-ാം തീയതിയിലെ കണക്ക് അനുസരിച്ച് സംസ്ഥാനത്തിന്റെ ആകെ പൊതുകടവും മൊത്തം കടവും എത്രയായിരുന്നു; | അക്കൗണ്ടന്റ് ജനറലിന്റെ കണക്ക് പ്രകാരം 31/03/2016 വരെയുള്ള സംസ്ഥാനത്തിന്റെ ആകെ പൊതുകടം 1,09,730.97 കോടി രൂപയും കടബാധ്യത 1,57,370.33 കോടി രൂപയുമാണ്. 2011 മാർച്ച് 31ന് ഇത് യഥാക്രമം 54887.18 കോടി രൂപയും 78673.24 കോടി രൂപയുമായിരുന്നു. |
| (ബി) | 2020 ഡിസംബർ 31 ന്റെ കണക്ക് അനുസരിച്ച് സംസ്ഥാനത്തിന്റെ ആകെ പൊതുകടവും മൊത്തം കടബാധ്യതയും എത്രയാണ്; | അക്കൗണ്ടന്റ് ജനറലിന്റെ ലഭ്യമായ കണക്ക് പ്രകാരം 30.11.2020 വരെ (01.04.2020 മുതൽ 30.11.2020 വരെയുള്ള താത്കാലിക കണക്ക് ഉൾപ്പെടെ) സംസ്ഥാനത്തിന്റെ പൊതുകടം 1,90,982.53 കോടി രൂപയും കടബാധ്യത 2,91,200.41 കോടി രൂപയുമാണ്. |
| (സി) | പൊതുകടത്തിലും കടബാധ്യതയിലും ഈ സർക്കാർ നിലവിൽ വന്നശേഷം അത്ഭുതപൂർവ്വമായ വർദ്ധനവ് വന്നത് എന്തുകൊണ്ടാണ്; വിശദമാക്കുമോ; | ഫിസ്കൽ റെസ്പോൺസിബിലിറ്റി & ബജറ്റ് മാനേജ്മെന്റ് (FRBM) നിയമപ്രകാരം സംസ്ഥാനത്തിന്റെ കടമെടുപ്പ്പരിധി GSDP യുടെ 3% ആയി നിജപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകിയിട്ടുള്ള സംസ്ഥാനത്തിന്റെ അനുവദനീയ കടമെടുപ്പ് പരിധിക്കുള്ളിൽ നിന്നുകൊണ്ടാണ് സംസ്ഥാനം കടമെടുക്കുന്നത്. 2016-17 ൽ GSDP യുടെ 29.37 ശതമാനം ആയിരുന്ന കടബാധ്യത 2019-20 ൽ 30.46 ശതമാനമായി നിർത്തുവാൻ സാധിച്ചിട്ടുണ്ട്. |
| (ഡി) | 2021-26 കാലയളവിൽ കടം വാങ്ങിയ ഇനത്തിലും അതിന്റെ പലിശ ഇനത്തിലും എത്ര തുകയാണ് സംസ്ഥാനം തിരിച്ചടക്കുവാനുള്ളത് എന്ന് വ്യക്തമാക്കുമോ? | അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം ആഭ്യന്തര വായ്പയിനത്തിൽ 2021-26 കാലയളവിൽ 64499.94 കോടി രൂപയും വിദേശ സഹായ വായ്പയിനത്തിൽ 2862.06 കോടി രൂപയും തിരിച്ചടക്കേണ്ടതായിട്ടുണ്ട്. നിലവിലുള്ള വായ്പയുടെയും പുതിയതായി ഓരോ |

| | | |
|---|---|---|
| | | വർഷവും എടുക്കുന്ന വായ്പയുടെയും അടിസ്ഥാനത്തിലാണ് പലിശ അടവ് തിട്ടപ്പെടുത്തുന്നത്. |

സെക്ഷൻ ഓഫീസർ